"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്- ജീവനക്കാര്യം - കക്കോവ് പി.എം.എസ്.എ.പി.റ്റി. ഹയർ സെക്കൻഡറി സ്കൂളിലെ എഫ്.ടി.എം. ശ്രീ.അബ്ദുൾ ജബ്ബാർ സി.ഒ. ഫയൽ ചെയ്ത റിട്ട് ഹർജി നം. 26609/ 2024ൽ 26/7/2024 തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.3674/2025/GEDN തീയതി,തിരുവനന്തപുരം, 05-06-2025

---

പരാമർശം:-

1. ശ്രീ. അബ്ദുൾ ജബ്ബാർ സി.ഒ സർക്കാരിൽ സമർപ്പിച്ച 29/2/2024(എക്സിബിറ്റ് P5), 26/7/2024ലെ റിവിഷൻ ഹർജ്ജികൾ
2. GO(Rt)3901/2024/GEdn. dtd.19/6/2024 (എക്സിബിറ്റ് P4)
3. റിട്ട് ഹർജി നം. 26609/ 2024ൽ 26/7/2024 തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം
4. മലപ്പുറം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 23/9/2024ലെ B3/3238/2023 നമ്പർ ഹിയറിംഗ് റിപ്പോർട്ട്
5. മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 24/9/2024ലെ DDEMPM/12152/2024-B2 നമ്പർ ഹിയറിംഗ് റിപ്പോർട്ട്
6. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 26/9/2024ലെ EM2/22301/2023/DGE നമ്പർ ഹിയറിങ് റിപ്പോർട്ട്
7. PMSAPTHSS ഹെഡ്മാസ്റ്ററുടെ 27/9/2024ലെ ഹിയറിങ് നോട്ട്
8. PMSAPTHSS മാനേജരുടെ ഹിയറിങ് നോട്ട്
9. ശ്രീമതി. റംസാന ഫിബി എസ്.എം, എഫ്.ടി.എം-ന്റെ ഹിയറിംഗ് നോട്ട്
10. COC 1106/2025ൽ ബഹു: ഹൈക്കോടതിയുടെ 27/5/2025ലെ വിധിന്യായം

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ കക്കോവ് പി.എം.എസ്.എ.പി.റ്റി. ഹയർ സെക്കൻഡറി സ്കൂളിലെ എഫ്.ടി.എം. ശ്രീ.അബ്ദുൾ ജബ്ബാർ സി.ഒ. ഫയൽ ചെയ്ത റിട്ട് ഹർജി നം. 26609/ 2024ൽ 26/7/2024 തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ എക്സിബിറ്റ് P4 സർക്കാർ ഉത്തരവ് റദ്ദ് ചെയ്തു കൊണ്ടും പെറ്റിഷണർക്കും മാനേജർക്കും ബാധിക്കപ്പെട്ടവർക്കും ഹിയറിംഗ് നൽകിക്കൊണ്ട് ടിയാൻ സർക്കാരിൽ സമർപ്പിച്ച എക്സിബിറ്റ് P5 റിവിഷൻ പെറ്റിഷൻ പുനഃപരിശോധിച്ച് നാല് മാസത്തിനുള്ളിൽ തീർപ്പാക്കുന്നതിനുമായി ഒന്നാം എതിർകക്ഷിയായ സർക്കാരിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

സർക്കാർ ഈ വിഷയത്തിൽ ബന്ധപ്പെട്ടവരെ നേരിൽ കേട്ടു.

**ഹർജ്ജിക്കാരന്റെ വാദഗതികൾ / ഹിയറിംഗ് നോട്ട് ഇപ്രകാരമാണ്**

ശ്രീ. അബ്ദുൽ ജബ്ബാറിനെ 07.12.2019 മുതൽ 19.06.2021 വരെ ഒരു അവധി ഒഴിവിൽ എഫ്.റ്റി.എം. ആയി നിയമിച്ചു. ഒരു വർഷത്തിൽ അധികമുള്ള അവധി ഒഴിവിൽ സംരക്ഷിത അനദ്ധ്യാപകരെ മാത്രമേ നിയമിക്കാവൂ എന്ന കാരണത്താൽ നിയമനാംഗീകാരം നിരസിച്ചു. ആ ഉത്തരവിനെതിരെ മാനേജർ മലപ്പുറം വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് അപ്പീൽ നൽകിയെങ്കിലും ആയതും നിരസിക്കപ്പെട്ടു. ടി സ്കൂൾ 22-5-1979ന് മുമ്പ് അംഗീകാരമുള്ളതാണ്. കൂടാതെ ടി വേക്കൻസി ഒരു അഡീഷണൽ വേക്കൻസിയും ആയിരുന്നില്ല. സർക്കാർ സ.ഉ.(സാധാ)1292/2024/പൊ.വി.വ. തീയതി 17.02.2024, സ.ഉ.(സാധാ) നം. 1017/2024/പൊ.വി.വ. തീയതി 06.02.2024 ഉത്തരവുകൾ പ്രകാരം സംസ്ഥാനത്ത് പ്രസ്തുത കാറ്റഗറിയിലുള്ള സംരക്ഷണത്തിനു അർഹതയുള്ളവർ ലഭ്യമല്ലയെങ്കിൽ പ്രസ്തുത നിയമനങ്ങൾ അംഗീകരിച്ചു നൽകണമെന്ന് ഉത്തരവുള്ളതാണ്.

അപ്രകാരമിരിക്കെ 05.01.2021 മുതൽ ശ്രീ. അബ്ദുൽ ജബ്ബാറിനെ എഫ്.റ്റി.എം. ആയി ഒരു സ്ഥിരം ഒഴിവിൽ മാനേജർ നിയമിച്ചു. ആയത് ഭിന്നശേഷി ഉദ്യോഗസ്ഥൻ ജോലിയിൽ പ്രവേശിക്കുന്നത് വരെ അംഗീകരിച്ച് മലപ്പുറം ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉത്തരവായി. എന്നാൽ, ഭിന്നശേഷിയിൽപ്പെട്ട ശ്രീമതി റംസാന ഫിബി എസ്.എം. ജോലിയിൽ പ്രവേശിച്ചു എന്ന കാരണത്താൽ 18.11.2023 മുതൽ ശ്രീ. അബ്ദുൽ ജബ്ബാറിനെ ജോലിയിൽ നിന്നും പുറത്താക്കി.

18.11.2018ന് ശേഷം ഈ സ്കൂളിൽ സ്ഥിരം തസ്തികകളിൽ പ്രവേശിച്ച ഉദ്യോഗസ്ഥർ താഴെ പറയുന്നവരാണ്.

1. സലീഫ് ഇബിനു അബ്ദുൾ അസീസ് എച്ച്.എസ്.എ. അറബിക് 01.12.2018

2. നദീർ ആർ.പി. എച്ച്.എസ്.എ. മലയാളം 15.07.2021

3. ഷെബീർ കെ. എച്ച്.എസ്.എ. കണക്ക് 15.07.2021

4. ഹാജിറ കെ.ഇ. യു.പി.എസ്.എ. 06.06.2019

5. ഷിബിന കെ.കെ. യു.പി.എസ്.എ. 06.06.2019

6. അബിജിത്ത് മൂസത് പി. എൽ.ജി. ഹിന്ദി 15.07.2021

ഭിന്നശേഷി സംവരണ ഉത്തരവുകൾ പ്രകാരം 18.11.2018 ശേഷം ആദ്യം ഉണ്ടാകുന്ന ഒഴിവാണ് ഭിന്നശേഷി വിഭാഗത്തിനായി എയ്ഡഡ് സ്കൂളിൽ മാറ്റി വെക്കാൻ നിർദ്ദേശിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട സുപ്രീംകോടതി സിവിൽ അപ്പീൽ നം.4811/2022 ഉത്തരവ് പ്രകാരം ഭിന്നശേഷി നിയമനത്തിന് ഒരു സ്കൂളിനെ ഒരു യൂണിറ്റ് കണക്കാക്കി ഭിന്നശേഷി സംവരണം നടപ്പാക്കിയാൽ മതി എന്നാണ് ഉത്തരവായത്. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 18.11.2018 ശേഷം ഉണ്ടായ ആദ്യ അദ്ധ്യാപക തസ്തികയാണ് ഭിന്നശേഷി നിയമനത്തിന് വേണ്ടി മാറ്റി

വെക്കേണ്ടത്. എന്നാൽ ആദ്യ തസ്തികകളുടെ വിവരം മറച്ച് വെച്ച് സ്കൂളിലെ എഫ്.റ്റി.എം. തസ്തിക ഭിന്നശേഷി സംവരണത്തിനായി മാറ്റിവെച്ചത് സർക്കാർ ഉത്തരവുകളുടെ അന്തസത്തക്ക് വിരുദ്ധമാണ്.

നേരത്തെ GO(Rt)No.3901/2024/GEDN തീയതി 19.06.2024 പ്രകാരം റിവിഷൻ തീരുമാനമാക്കിയത് പരാതിക്കാരൻ ഫയൽ ചെയ്ത WP(C) No. 26609/2024ലെ 26.07.2024ലെ വിധി പ്രകാരം റദ്ദാക്കിയിട്ടുള്ളതും റിവിഷൻ വീണ്ടും പരിഗണിക്കാൻ ഉത്തരവായിട്ടുമുള്ള സാഹചര്യത്തിൽ 18.11.2018ന് ശേഷം ആദ്യം ഉണ്ടായ സ്ഥിരം തസ്തികയായ അദ്ധ്യാപക തസ്തിക ഭിന്നശേഷിക്കായി കണക്കാക്കി. പിന്നീട് ഉണ്ടായ എഫ്.റ്റി.എം. തസ്തികയിലെ പരാതിക്കാരന്റെ 07.12.2019 മുതൽ 19.06.2021 വരെയുള്ള നിയമനം അംഗീകരിച്ചും, അപ്രകാരമെങ്കിൽ ടിയാന് ലഭിക്കാവുന്ന റൂൾ 51(എ) ക്ലെയിം പ്രകാരം 05.01.2021 മുതലുള്ള ടിയാന്റെ നിയമനം സ.ഉ.(കൈ) നം. 111/2022/GEDN തീയതി 25.06.2022-ലെ ക്ലോസ് 9 പ്രകാരം സ്ഥിരമായി അംഗീകരിച്ച് ടിയാന് സ്കൂളിൽ ജോലിയിൽ തുടരുവാൻ അവസരം ഉണ്ടാക്കണമെന്നാണ് ആവാശ്യപ്പെട്ടിട്ടുള്ളത്.

**ശ്രീമതി. റംസാന ഫിബി എസ്.എം ന്റെ വാദങ്ങൾ/ ഹിയറിങ് നോട്ട്**

സ്പെഷ്യൽ എംപ്ലോയ്മെന്റ് ഓഫീസർ, എറണാകുളം അയച്ച ഭിന്നശേഷി ഉദ്യോഗാർത്ഥികളുടെ ലിസ്റ്റിൽ നിന്നും ഒരു അഭിമുഖം നടത്തി തെരഞ്ഞെടുത്ത തനിക്ക് 18.11.2023ന് മാനേജർ നിയമനം നൽകുകയും തുടർന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമനാംഗീകാരം നൽകുകയും ചെയ്തു. അത് പ്രകാരം 2024 ഓഗസ്റ്റ് മാസം മുതൽ ശമ്പളം ലഭിക്കുകയും ചെയ്തു.

ഭിന്നശേഷിക്കാരിയായ തന്റെ കുടുംബത്തിന് ഏക ആശ്രയമാണ് ഇപ്പോൾ ലഭിച്ച ഈ ജോലി. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന തന്റെ കുടുംബജീവിതം ഈ ജോലിയെ ആശ്രയിച്ചാണുള്ളത്. 34 വയസ്സ് ആയതിനാൽ മറ്റൊരു ജോലി നേടിയെടുക്കാൻ സാധിക്കുകയുമില്ല. ആയതിനാൽ തന്റെ ജോലി നഷ്ടപ്പെടുന്ന രീതിയിലുള്ള തീരുമാനങ്ങൾ ഉണ്ടാവരുതെന്നാണ് ടിയാൾ അപേക്ഷിച്ചിട്ടുള്ളത്.

**സ്കൂൾ മാനേജരുടെ വാദങ്ങൾ/ ഹിയറിങ് നോട്ട്**

മലപ്പുറം വിദ്യാഭ്യാസ ജില്ലയിൽ പ്രവർത്തിച്ച് വരുന്ന ഒരു എയിഡഡ് സ്കൂളാണ് 'P M S A P T HSS കക്കോവ്. ഈ സ്കൂളിലെ ക്ലാർക്കായിരുന്ന ശ്രീമതി ഫൈമിന സി.കെ. 20.06.2019 മുതൽ 19.06.2021 വരെ ശൂന്യവേതനാവധിയിൽ പ്രവേശിച്ച ഒഴിവിൽ അപ്പോൾ FTM ആയി തുടർന്നിരുന്ന ശ്രീ.അഷ്റഫ് പി.എ.യെ 07.12.2018 മുതൽ 19.06.2021 വരെ ക്ലാർക്കായി പ്രമോട്ട

ചെയ്തതു വഴി ഉണ്ടായ ഒഴിവിലാണ് ശ്രീ.അബ്ദുൾ ജബ്ബാർ സി.ഒ. യെ FTM ആയി 07.12.2019 മുതൽ 19.06.2021 വരെയുള്ള കാലയളവിലേയ്ക്ക് നിയമിച്ചത്. എന്നാൽ കെ.ഇ.ആർ അദ്ധ്യായം XXI ലെ ചട്ടം 7 (4) ലെ വ്യവസ്ഥയനുസരിച്ച് ഈ ഹ്രസ്വകാല ഒഴിവിൽ സംരക്ഷിത FTM നെയാണു നിയമിക്കേണ്ടത് എന്ന തടസ്സവാദം ഉന്നയിച്ച് ഈ നിയമനത്തിന് അംഗീകാരം നിരസിച്ചു. അതുകൊണ്ടു തന്നെ അംഗീകരിക്കപ്പെടാത്ത ഈ ഹ്രസ്വകാല നിയമനത്തിന്റെ പേരിൽ ഭാവിയിലുണ്ടാകുന്ന ഒഴിവിൽ നിയമനത്തിന് കെ.ഇ.ആർ അദ്ധ്യായം XIV A യിലെ ചട്ടം 51 A പ്രകാരമുള്ള മുൻഗണനാവകാശം ശ്രീ.അബ്ദുൾ ജബ്ബാറിന് ലഭ്യമാകാതെയും വന്നു.

അങ്ങനെയിരിക്കെ ഈ സ്കൂളിൽ 05.10.2021 മുതൽ പ്രാബല്യത്തിൽ FTM ന്റെ ഒരു സ്ഥിരം ഒഴിവുണ്ടായി. ശ്രീ.അഷ്റഫ് പി.എ. FTM ന് 5.10.2021 മുതൽ തുടർച്ചയായി ക്ലാർക്കായി സ്ഥിരനിയമനം ലഭിച്ചതു വഴിയാണ് മേൽ ഒഴിവുണ്ടായത്. ഇതിനിടയിൽ PWD Act 1995, RPWD Act. 2016 എന്നിവ പ്രകാരം 07.02.1996 മുതൽ 18.04.2017 3%, 19.4.2017 മുതൽ 4% എന്ന ക്രമത്തിൽ ഭിന്നശേഷി സംവരണനിയമനനിയമം നടപ്പിലായി. അതിന്റെ ഭാഗമായി 07.02.1996 മുതൽ 18.04.2017 വരെ ഉണ്ടായ ഒഴിവുകളിൽ 3% ക്രമത്തിലും, 19.04.2017 മുതൽ 18.11.2018 വരെ 4 % ക്രമത്തിലും ബാക്ക് ലോഗ് വഴി ഒഴിവുകൾ കണ്ടെത്തി 18.11.2018 മുതൽ ഉണ്ടാകുന്ന ഒഴിവുകളിൽ ഭിന്നശേഷി സംവരണ നിയമനം നടത്തേണ്ടിവന്നു. ഈ സാഹചര്യത്തിൽ, ശ്രീ.അബ്ദുൾ ജബ്ബാറിന് 05.10.2021 മുതൽ ഭിന്നശേഷി ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്നതു വരെയുള്ള കാലയളവിലേയ്ക്ക് FTM ആയി നിയമനം നല്കി ഈ വ്യവസ്ഥക്കു വിധേയമായി, ഈ നിയമനം മലപ്പുറം ജില്ലാ വിദ്യാഭ്യാസ ഓഫീസർ 07.12.2023ലെ B3/55962/2023 നമ്പർ ഉത്തരവിലൂടെ അംഗീകരിക്കുകയും ചെയ്തു. ഭിന്നശേഷി ഉദ്യോഗാർത്ഥിയായ റംസാന ഫിബി എസ്. എം, 18.11.2023 ന് ജോലിയിൽ പ്രവേശിച്ചതിനെ തുടർന്ന് 18.11.2023 മുതൽ ശ്രീ അബ്ദുൾ ജബ്ബാർ സർവ്വീസിൽ നിന്നും പുറത്തായെങ്കിലും ടിയാൻ നിലവിൽ അടുത്തുണ്ടാകുന്ന ഒഴിവിൽ നിയമനം ലഭിക്കുന്നതിനുള്ള ചട്ടം 51 A അവകാശിയായിതീർന്നിരിക്കുന്നു.

(1) കെ. ഇ . ആർ അദ്ധ്യായം XXI ലെ ചട്ടം 7 (4) ൽ ഒരു അക്കാദമിക വർഷത്തിലധികമുള്ള ഹ്രസ്വകാല ഒഴിവുകളിൽ അദ്ധ്യാപക ബാങ്കിൽ നിന്നുള്ള സംരക്ഷിത അദ്ധ്യാപകനെ/ അദ്ധ്യാപകേതര ജീവനക്കാരനെയാണു നിയമിക്കേണ്ടത് എന്നു വ്യവസ്ഥ ചെയ്തിരിക്കുന്നു എന്നാൽ ഇത്തരം ഹ്രസ്വകാല ഒഴിവിലേക്കു നിയമനം നല്കുന്നതിനായി പ്രസ്തുത ഒഴിവുണ്ടായ തിയതിയിൽ സംരക്ഷിത അദ്ധ്യാപകനെ/അദ്ധ്യാപകേതര ജീവനക്കാരനെ ഒരു റവന്യൂ

ജില്ലയിലേയും അദ്ധ്യാപക ബാങ്കിൽ ലഭ്യമല്ലാതെ വരുന്ന ഘട്ടത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അനുമതിയോടെ മാനേജർക്കു മറ്റുതരത്തിൽ നിയമനം നടത്താവുന്നതാണെന്ന് ചട്ടം 7 (8) ലും വ്യവസ്ഥ ചെയ്തിരിക്കുന്നു.

ഇവിടെ അബ്ദുൾ ജബ്ബാറിനെ FTM ആയി നിയമിച്ച ഒഴിവുണ്ടായത് 07.12.2019 നാണ് . സമന്വയ പ്രകാരം 2019 - 20 വർഷത്തിൽ അദ്ധ്യാപക ബാങ്കിൽ ലഭ്യമായി കാണുന്ന സംരക്ഷിത FTM മാരുടെ എണ്ണം ചുവടേ ചേർക്കുന്നു

തിരുവനന്തപുരം - 00, കൊല്ലം - 03, പത്തനംതിട്ട - 00, ആലപ്പുഴ - 03. കോട്ടയം - 03, ഇടുക്കി - 01, എറണാകുളം - 10, തൃശ്ശൂർ - 03, പാലക്കാട് - 10, മലപ്പുറം - 05, കോഴിക്കോട് - 02, വയനാട് - 00, കണ്ണൂർ - 01, കാസർഗോഡ് - 00

ആകെ - 41

എയിഡഡ് സ്കൂളുകളിൽ ഒഴിവു ലഭ്യമാകാതിരുന്നതിനാൽ ഇതിൽ പകുതിയിലധികം പേർക്കും വിദ്യാഭ്യാസ ഓഫിസുകളിലും സർക്കാർ സ്കൂളുകളിലും മറ്റും താല്കാലിക പുനർവിന്യാസമാണ് ആ സമയത്ത് നടത്തിയിട്ടുണ്ടായിരുന്നത് എന്നതും പരിശോധിച്ചു ബോധ്യപ്പെടാവുന്നതാണ്.

7.12.2019 ന് ഉണ്ടായ ഒഴിവിൽ നിയമിക്കുന്നതിന് തത്സമയം സംരക്ഷിത FTM അദ്ധ്യാപക ബാങ്കിൽ ലഭ്യമായിരുന്നു എന്നത് നിസ്തർക്കമാണ്. അതുകൊണ്ടു തന്നെ അദ്ധ്യാപക ബാങ്കിൽ ഈ ഒഴിവിലേക്കു സംരക്ഷിത FIM ലഭ്യമായിരുന്നില്ല എന്ന വാദമുയർത്തി അബ്ദുൾ ജബ്ബാറിന്റെ നിയമനത്തിന് അംഗീകാരം ലഭ്യമാക്കാനാവില്ല.

(II) തുല്യ നീതി ആവശ്യപ്പെട്ട് ശ്രീ അബ്ദുൾ ജബ്ബാർ 2 സർക്കാർ ഉത്തരവുകൾ ചൂണ്ടി ക്കാട്ടുന്നുണ്ട് അവ പരിശോധിക്കാം.

(a) സ.ഉ. സാധാ നമ്പർ 1292/ 2024/ പൊവിവ, തി. 17.02.2024

ഇത് ഒരു അന്തിമ ഉത്തരവല്ല, മറിച്ച് ഒരു കണ്ടീഷണൽ ഉത്തരവു മാത്രം 01.06.2020 മുതലുള്ള ഒരു FTM നിയമനം, 01.06.2020ൽ അദ്ധ്യാപക ബാങ്കിൽ സംരക്ഷിത FTM ലഭ്യമാണോ എന്ന കാര്യം പരിശോധിച്ച് ലഭ്യമല്ല എങ്കിൽ മാത്രം പ്രസ്തുത നിയമനം അംഗീകരിച്ചു നല്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തികൊണ്ടുള്ള ഉത്തരവു മാത്രമാണിത് . ഇത്

അബ്ദുൾ ജബ്ബാറിന്റെ 07.12.2019 മുതലുള്ള ഹ്രസ്വകാല ഒഴിവിലെ താല്കാലിക FTM നിയമനം അംഗീകരിക്കുന്ന കാര്യത്തിൽ പ്രസക്തമല്ല. (ഈ നിയമനം ഇപ്പോഴും അംഗീകരിക്കപ്പെട്ടിട്ടില്ല എന്നാണ് അറിവ്)

(b) സ.ഉ.(സാധാ) നം. 101/2024/GEDN 06.02.2024

2017 -18 ൽ അനുവദിച്ച ഒരു അധിക പാർട് ടൈം HST (സംസ്കൃതം) തസ്തികയിൽ 01.06.2022 മുതൽ നടത്തിയ നിയമനത്തെ സംബന്ധിച്ച ഉത്തരവാണിത്. ഈ നിയമനവും ഒരു ഹ്രസ്വകാല FTM ഒഴിവിലെ 07.12.2018 മുതലുള്ള അബ്ദുൾ ജബ്ബാറിന്റെ നിയമനവും തമ്മിൽ ഒരു താരതമ്യവുമില്ല.

(III) 18.11.2018 ന ശേഷം 15.07.2021 മുതലും 06.06.2019 മുതലും അദ്ധ്യാപക ഒഴിവുകൾ ഉണ്ടായിരിക്കേ, അതൊന്നും ഭിന്നശേഷി സംവരണ നിയമനത്തിനു നീക്കി വയ്ക്കാതെ FTM തസ്തിക ഭിന്നശേഷി സംവരണ നിയമനത്തിനു നീക്കി വച്ചതു ക്രമപ്രകാരമല്ല എന്ന അബ്ദുൾ ജബ്ബാറിന്റെ വാദം ഭിന്നശേഷി സംവരണ നിയമന വ്യവസ്ഥകൾ സംബന്ധിച്ച് ടിയാന് കൃത്യമായ ബോധ്യമില്ലാത്തതു കൊണ്ടാണ്. പ്രൈമറി, സെക്കണ്ടറി, ഹയർ സെക്കണ്ടറി തലങ്ങളിലെ അദ്ധ്യാപക തസ്തികകൾക്കും നോൺ ടീച്ചിംഗ് വിഭാഗത്തിലെ തസ്തികകൾക്കും ഭിന്നശേഷി സംവരണ നിയമനം പ്രത്യേകം പ്രത്യേകം നടത്തേണ്ടതുണ്ട് എന്നതിനാൽ ഈ വാദം തള്ളിക്കളയാവുന്നതാണ്.

(IV) സർക്കാരിന്റെ 06.02.2021 ലെ സ.ഉ(അച്ചടി) 4/2021/പൊ.വി.വ നമ്പർ ഉത്തരവിന്റെയും പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 26.02.2021 ലെ എച്ച് 2/19500/2019/ഡിജിഇ നമ്പർ സർക്കുലറിന്റെയും അടിസ്ഥാനത്തിലുള്ള സത്യപ്രസ്താവന മാനേജർ നല്കിയിരുന്നെങ്കിൽ അബ്ദുൾ ജബ്ബാറിന്റെ 07.12.2019 മുതൽ 19.06.2021 വരെയുള്ള ഹ്രസ്വകാല നിയമനം അംഗീകരിക്കാൻ കഴിയുമായിരുന്നു എന്ന ജില്ലാ വിദ്യാഭ്യാസ ഓഫീസർ, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്നിവരുടെ വാദം പരിശോധിക്കാം.

(a) 2016-17 മുതൽ 2019-20 വരെയുള്ള കാലയളവിലെ അദ്ധ്യാപക-അനധ്യാപക നിയമനാംഗീകാരം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച 4/2021 നമ്പർ ഉത്തരവിന്റെയും, സർ ക്കാർ 25.02.2021 ന് ജെ2/87/2021/പൊവിവ നമ്പരായി നല്കിയ കത്തിന്റെയും അടിസ്ഥാനത്തിൽ, 26.02.2021 ലെ എച്ച്2/19500/2019 നമ്പരായി പൊതുവിദ്യാഭ്യാസ ഡയറക്ടർ

പുറപ്പെടുവിച്ച സർക്കുലറിന്റെ അനുബന്ധമായി മാനേജർമാർ സമർപ്പിക്കേണ്ട സത്യപ്രസ്താവനയുടെ മാതൃക ചേർത്തിട്ടുണ്ട്. അതിൽ രണ്ട് ഖണ്ഡികകളാണുള്ളത്, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 12.04.2021 ലെ എച്ച്2/19500/ 2019/ഡിജിഇ നമ്പർ കത്തിലൂടെ, “ . . . അനുബന്ധമായി നല്കിയ സത്യപ്രസ്താവനയിലെ ആദ്യത്തെ ഖണ്ഡിക പുതുതായി തുടങ്ങിയ/ഉയർത്തപ്പെട്ട സ്കൂളുകളിലെ മാനേജർമാർക്കുള്ളതാണ്. രണ്ടാം ഖണ്ഡിക അധിക തസ്തികയിൽ നിയമനം നടത്തിയ മാനേജർമാർ ബാധകമായിട്ടുള്ളതാണ്. ” എന്നു വ്യക്തമാക്കിയിട്ടുണ്ട്.

(b) ഒരു അക്കാദമിക വർഷമോ അതിലധികമോ ഉള്ള ഒഴിവുകളിൽ സംരക്ഷിത ജീവനക്കാരനെ നിയമിക്കണമെന്ന കെ.ഇ.ആർ അദ്ധ്യായം XXIലെ ചട്ടം 7(4) ലെ വ്യവസ്ഥ ഇളവു ചെയ്ത് അല്ലാതെയുള്ള നിയമനങ്ങൾക്കു നിയമനാംഗീകാരം ലഭ്യമാക്കുന്നതിന് മാനേജർമാർ സമർപ്പിക്കേണ്ടതായ സത്യപ്രസ്താവനയുടെ മാതൃക സർക്കാരോ പൊതുവിദ്യാഭ്യാസ ഡയറക്ടറോ നാളിതുവരെ പുറപ്പെടുവിച്ചിട്ടില്ല.

(C) ഭാവിയിലുണ്ടാകുന്ന തുല്യ ദൈർഘ്യമുള്ള ഹ്രസ്വകാല ഒഴിവോ ഭാവിയിലുണ്ടാകുന്ന റഗുലർ ഒഴിവോ വിട്ടു നൽകാമെന്ന സത്യപ്രസ്താവനയാണ് ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുതൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ വരെ ഉദ്ദേശിക്കുന്നതെങ്കിൽ അപ്രകാരം സത്യപ്രസ്താവന നല്കാൻ മാനേജർ സന്നദ്ധനല്ല എന്ന വിവരം കൂടി ബോധ്യപ്പെടുത്തിക്കൊള്ളുന്നു.

(4) 2019-20 വർഷത്തിൽ സംരക്ഷിത F T M മാർ അദ്ധ്യാപക ബാങ്കിൽ ലഭ്യമായിരുന്നു. ഹ്രസ്വകാല ഒഴിവിലെ നിയമനാംഗീകാരം ലഭ്യമാകുന്നതിന് സർക്കാരോ പൊതുവിദ്യാഭ്യാസ ഡയറക്ടറോ സത്യപ്രസ്താവനാ മാതൃകയൊന്നും നിഷ്കർഷിച്ചിരുന്നില്ല, അപ്രകാരം നിഷ്കർഷിച്ചിരുന്നു എങ്കിൽ പോലും ആയതു സമർപ്പിക്കാൻ സ്കൂൾ മാനേജർ സന്നദ്ധനല്ല. 2006-07 മുതൽ 2010-11 വരെയുള്ള അധിക തസ്തികകളിലെ നിയമനങ്ങൾ അംഗീകരിക്കുന്നതിനു 10/10 പ്രകാരമുള്ള സത്യപ്രസ്താവന മാനേജർമാർ സമർപ്പിച്ചതായി സങ്കൽപ്പിച്ചുകൊണ്ട് നിയമനാംഗീകാരങ്ങൾ നല്കാൻ ബഹു. കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ച് വിധി 2016-17 മുതലുള്ള നിയമനങ്ങൾക്കു ബാധകമല്ല. ഈ വസ്തുതകളുടെ വെളിച്ചത്തിൽ ശ്രീ.അബ്ദുൾ ജബ്ബാറിന്റെ 07.12.2019 മുതൽ 19.06.2021 വരെയുള്ള ഹ്രസ്വകാല ഒഴിവിലെ F T M നിയമനം അംഗീകാര യോഗ്യമല്ല.

**ഹെഡ്മാസ്റ്ററുടെ വാദങ്ങൾ/ ഹിയറിങ് നോട്ട്**

ശ്രീ.അബ്ദുൾ ജബ്ബാർ സി.ഒ. ഈ സ്കൂളിൽ 07.12.2019 മുതൽ 19.01.2021 വരെ ഈ സ്കൂളിൽ ലീവ് വേക്കൻസിയിൽ ജോലി ചെയ്തിരുന്നു. പ്രസ്തുത കാലയളവിൽ ചെയ്ത ജോലിക്ക് അപ്രൂവൽ കിട്ടിയിട്ടില്ല.

പിന്നീട് ടിയാൻ 05.10.2021 മുതൽ 18.11.2023 വരെ ഇവിടെ സ്ഥിരമായി നിയമിക്കപ്പെട്ടിട്ടുള്ളതും പ്രസ്തുത കാലയളവിലേക്ക് അപ്രൂവൽ കിട്ടിയിട്ടുള്ളതുമാണ്. തുടർന്ന് മാനേജ്മെന്റ് ഭിന്നശേഷി നിയമനം നടത്തിയതിനെ തുടർന്ന് ടിയാനെ ജോലിയിൽ നിന്നും വിടുതൽ ചെയ്തിട്ടുള്ളതുമാണ്.

**_വിദ്യാഭ്യാസ അധികാരികളുടെ വാദങ്ങൾ/ ഹിയറിംഗ് റിപ്പോർട്ടുകൾ**

ശ്രീ. അഷറഫ് പി.എ., എഫ്.ടി.എം-ന്റെ 07/12/2019 മുതൽ 18/06/2021 വരെയുള്ള ക്ലാർക്ക് ആയുള്ള സ്ഥാനക്കയറ്റ ഒഴിവിൽ ശ്രീ.അബ്ദുൽ ജബ്ബാറിനെ എഫ്ടി.എം ലീവ് സബ്സ്റ്റിറ്റ്യൂട്ട് ആയി നിയമിച്ചു. ടി നിയമനം ഒഴിവ് സ്പഷ്ടമല്ല എന്ന പ്രധാന കാരണത്താൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു.

ആയതിന് എതിരെ മാനേജർ നൽകിയ അപ്പിൽ ഒരു വർഷത്തിൽ കൂടുതലുള്ള അവധി ഒഴിവിൽ സംരക്ഷിത ജീവനക്കാരെ ആണ് നിയമിക്കേണ്ടത് എന്ന കാരണം ഉന്നയിച്ച് മലപ്പുറം വിദ്യാഭ്യാസ ഉപ ഡയറക്ടർ നിരസിച്ചു.

എന്നാൽ സംരക്ഷിത ജീവനക്കാരുടെ നിയമനത്തിൽ ഇളവ് അനുവദിച്ച് കൊണ്ട്. സർക്കാർ ജി.ഒ.(പി) /4/2021 തീയതി 06/02/2021, സർക്കുലർ എച്ച്2/19500/2019 തീയതി 26/02/2021 ഖണ്ഡിക 4 എന്നിവ പ്രകാരം 2016 മുതൽ 2019 വരെയുള്ള അവധി ഒഴിവിലെ നിയമനങ്ങൾക്ക് നിയമന തീയതി മുതൽ നോഷണൽ ആയും 06/02/2021 മുതൽ സാമ്പത്തികാനുകൂല്യത്തോടെയും നിയമനാംഗീകാരം നൽകുവാൻ ഉത്തരവായിട്ടുണ്ട്. ആയതിന് മാനേജർ സ.ഉ.(പി) നം.4/2021 പ്രകാരമുള്ള ഡിക്ലറേഷൻ സമർപ്പിക്കേണ്ടതായിരുന്നു. ആയത് സമർപ്പിക്കാത്തതിനാൽ ടി നിയമനം അംഗീകരിച്ചിട്ടില്ല.

പിന്നീട് ടി സ്കൂളിലെ എഫ്.റ്റി.എം ആയ ശ്രീ.അഷറഫ് പി 05/10/2021 ന് ക്ലാർക്കായി സ്ഥാനക്കയറ്റം ലഭിച്ചത് മൂലമുണ്ടായ ഒഴിവിൽ ഹർജ്ജിക്കാരൻ നിയമിക്കപ്പെട്ടു.

എന്നാൽ സ.ഉ.(പി) 111/2022 തീയതി 25/06/2022, സ.ഉ.(പി) 29/2023/പൊവിവ 24/03/2023, എച്ച്2/295299/2022/ഡിജിഇ തീയതി 16/05/2023 സർക്കുലർ എന്നീ ഉത്തരവുകൾ പ്രകാരം ഭിന്നശേഷി സംവരണം പാലിക്കുന്നതിനായി ടി സ്കൂൾ റോസ്റ്റർ രജിസ്റ്റർ അപ്‌ലോഡ് ചെയ്തു. റോസ്റ്ററിന് ആനുപാതികമായി 1 എഫ്.റ്റി.എം തസ്തിക ഭിന്നശേഷിക്കായി വിട്ടു നൽകി എറണാകുളം എംപ്ലോയ്മെന്റ് ഓഫീസിൽ നിന്നുമുള്ള രസീത് സമർപ്പിക്കുകയും ചെയ്തു.

ശ്രീ.അബ്ദുൽ ജബ്ബാർ സി.ഒ.-യെ 05/10/2021 മുതൽ നിയമിച്ചിട്ടുള്ളത് ഭിന്നശേഷിക്ക് വിട്ടുനൽകിയ തസ്തികയിലാണ്. ആയതിനാൽ ജി.ഒ.(പി) 29/2023/പൊവിവ 24/03/2023 ലെ ഖണ്ഡിക iii പ്രകാരം പ്രസ്തുത ഒഴിവ് താത്ക്കാലികമായി കണക്കാക്കിക്കൊണ്ട് ശമ്പള സ്കെയിലിൽ അംഗീകാരം നൽകുകയും ഭിന്നശേഷി ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്ന തീയതി വരെ ആയി ടി നിയമന അംഗീകാരം പരിമിതപ്പെടുത്തിക്കൊണ്ടും ഭിന്നശേഷി ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്നതിന്റെ ഫലമായി ടിയാന് തസ്തിക നഷ്ടമായാൽ ചട്ടം 51 എ-യ്ക്ക് തുല്യമായ മുൻഗണന ഉണ്ടായിരിക്കുന്നതാണ് എന്ന ജെ.ആർ1/502/2023/പൊ.വി.വ തീയതി 01/11/2023 സർക്കാർ കത്തിന്റെ അടിസ്ഥാനത്തിൽ റോസ്റ്റർ വെരിഫിക്കേഷൻ പൂർത്തീകരിച്ച് ഭിന്നശേഷി സംവരണം പാലിക്കപ്പെടുന്നതുവരെ ടിയാന്റെ നിയമനം 05/10/2021 മുതൽ ഭിന്നശേഷി ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്ന തീയതി വരെ ബി3/55962/2023 തീയതി, 07/02/2023 പ്രകാരം ശമ്പള സ്കെയിലിൽ താൽക്കാലികമായി അംഗീകരിച്ച് ഉത്തരവ് നൽകി.

തുടർന്ന് 18/11/2023 ന് ഭിന്നശേഷി ഉദ്യോഗാർത്ഥി ആയ ശ്രീമതി റംസാന ഫിബി എസ്.എം. ജോലിയിൽ പ്രവേശിച്ചു. തൽഫലമായി ശ്രീ.അബ്ദുൽ ജബ്ബാർ സി.ഒ.- ക്ക് ജോലിയിൽ നിന്നും പുറത്ത് പോകേണ്ടി വന്നു.

നിയമനം നിരസിച്ച ഉത്തരവിനെതിരെ ശ്രീ.അബ്ദുൽ ജബ്ബാർ സി.ഒ. ഫയൽ ചെയ്ത റിട്ട് ഹർജി നം.42834/2023-ൽ 19/12/2023 തീയതി ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായ പ്രകാരം ഹർജിക്കാരൻ സർക്കാരിൽ സമർപ്പിച്ച റിവിഷൻ പെറ്റീഷൻ പ്രകാരം സർക്കാർ 07/03/2024 ന് നേരിൽ കേൾക്കുകയും ആയതിൽ ജി.ഒ.(ആർ.റ്റി) നം.3901/2024/പൊ.വി.വ. തീയതി 19/06/2024 പ്രകാരം തീരുമാനം കൈക്കൊള്ളുകയും ചെയ്തു.

ശ്രീ.അബ്ദുൽ ജബ്ബാർ സി.ഒ.-യ്ക്ക് സ്കൂളിൽ ഇനിയുണ്ടാകുന്ന ഏതെങ്കിലും ഒഴിവിൽ

യോഗ്യതയ്ക്കനുസരിച്ച് മാനേജർ നിയമനം നൽകേണ്ടതാണെന്ന് നിർദേശിച്ചുകൊണ്ടും ശ്രീമതി.റംസാന ഫിബി-യ്ക്ക് നിയമന തീയതി മുതൽ നിയമനാംഗീകാരം നൽകുന്നതിന് ജില്ലാ വിദ്യാഭ്യാസ ഓഫീസറെ ചുമതലപ്പെടുത്തിക്കൊണ്ടുമാണ് ഉത്തരവായത്. ആയത് പ്രകാരം ശ്രീമതി റംസാന ഫിബി എസ്.എം.ന് നിയമനാംഗീകാരം നൽകുകയും ടിയാൾ ശമ്പളവും ആനുകൂല്യങ്ങളും കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്.

ശ്രീ.അബ്ദുൽ ജബ്ബാറിനെ എഫ്.ടി.എം.ന്റെ ലീവ് സബ്സ്റ്റിറ്റ്യൂട്ട് നിയമനം മാനേജർ ജി.ഒ.(പി) 4/2021 പ്രകാരമുള്ള ഡിക്ലറേഷൻ സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമേ പരിഗണിക്കാൻ കഴിയു.

2023 പത്താംതരം തുല്യതാ പരീക്ഷയിൽ ശ്രീ.അബ്ദുൽ ജബ്ബാർ സി.ഒ ഇതേ വിദ്യാലയത്തിൽ പത്താംതരം തുല്യതാ പരീക്ഷ എഴുതിയ വിഷയത്തിൽ പരീക്ഷാഭവൻ സെക്രട്ടറി അച്ചടക്ക നടപടി സ്വീകരിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട് എന്ന് മാനേജർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന വിവരം കൂടി ജില്ല വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**സർക്കാർ ടി വിഷയം നിലവിലെ ചട്ടങ്ങളുടെയും ഉത്തരവുകളുടെയും ഹിയറിങ് വേളയിലെ വാദങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിക്കുകയുണ്ടായി.**

ശ്രീ.അബ്ദുൽ ജബ്ബാറിന്റെ എഫ്.ടി.എം. ലീവ് സബ്സ്റ്റിറ്റ്യൂട്ട് നിയമനം മാനേജർ ജി.ഒ.(പി) 4/2021 പ്രകാരമുള്ള ഡിക്ലറേഷൻ സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമേ പരിഗണിക്കാൻ കഴിയു എന്നതിനാൽ ടി സ്കൂളിലെ 18.11.2018ന് ശേഷം ആദ്യം ഉണ്ടായ സ്ഥിരം തസ്തികയായ അദ്ധ്യാപക തസ്തിക ഭിന്നശേഷിക്കായി കണക്കാക്കി. പിന്നീട് ഉണ്ടായ എഫ്.റ്റി.എം. തസ്തികയിലെ പരാതിക്കാരന്റെ 07.12.2019 മുതൽ 19.06.2021 വരെയുള്ള നിയമനം അംഗീകരിച്ചും, തന്മൂലം ടിയാന് ലഭിക്കുന്ന റൂൾ 51(എ) ക്ലെയിം പ്രകാരം 05.01.2021 മുതലുള്ള ടിയാന്റെ നിയമനം സ.ഉ.(കൈ) നം. 111/2022/GEDN തീയതി 25.06.2022-ലെ ക്ലോസ് 9 പ്രകാരം സ്ഥിരമായി അംഗീകരിച്ച് നിയമനം നൽകണമെന്ന ഹർജ്ജിക്കാരന്റെ ആവശ്യം നിരസിച്ചുകൊണ്ടും അപ്രകാരം ശ്രീ.അബ്ദുൾ ജബ്ബാർ സി.ഒ. ഫയൽ ചെയ്ത റിട്ട് ഹർജി നം. 26609/ 2024, കോടതിയലക്ഷ്യക്കേസ് നമ്പർ 1106/2025 എന്നിവയിൽ യഥാക്രമം 26/7/2024, 27/5/2025 തീയതികളിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായങ്ങൾ പാലിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (അറിവിലേക്കായി)
ശ്രീ.അബ്ദുൾ ജബ്ബാർ സി.ഒ., പി.എം.എസ്. എ.പി.റ്റി.എച്ച്. എസ്.എസ്., കക്കോവ്, വഴയൂർ, മലപ്പുറം-673633
ശ്രീമതി റംസാന ഫിബി എസ്.എം., എഫ്.ടി.എം., പി.എം.എസ്.എ.പി.റ്റി. എച്ച്.എസ്.എസ്., കക്കോവ്, വഴയൂർ, മലപ്പുറം-673633
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, മലപ്പുറം
മാനേജർ, പി.എം.എസ്.എ.പി.റ്റി.എച്ച്.എസ്.എസ്., കക്കോവ്, വഴയൂർ, മലപ്പുറം-673633
ഹെഡ്മാസ്റ്റർ, പി.എം.എസ്.എ.പി.റ്റി.എച്ച്.എസ്.എസ്., കക്കോവ്, വഴയൂർ, മലപ്പുറം-673633
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar. C. O
സെക്ഷൻ ഓഫീസർ
Date: 05-06-2025 15:32:37